"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് - ജീവനകാര്യം - ഗ്രാമവികസന കമ്മീഷണറേറ്റിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ.വിനോദൻ.കെ.റ്റി.-യുടെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ അന്യത്രസേവന സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2024/ENVT തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം
1. 10.05.2013 ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 28.11.2013 ലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്.
3. 05.08.2022 ലെ സ.ഉ.(സാധാ) നം.56/2022/പരി നം. ഉത്തരവ്.
4. 25.07.2023 ലെ സ.ഉ.(സാധാ) നം.57/2023/പരി നം. ഉത്തരവ്.
5. 18.06.2024 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/21498/2024-DEB4 നം. നിരാക്ഷേപ പത്രം.
6. 22.06.2024 ലെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറുടെ ഡി.ഒ.ഇ.സി.സി./ഇ2/179/2023 നം. കത്ത്.

**ഉത്തരവ്**

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ പരാമർശം (3) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.വിനോദൻ.കെ.റ്റി., ഹെഡ് അക്കൗണ്ടന്റ്, പേരാമ്പ്ര ബ്ലോക്ക്, കോഴിക്കോട്-ന്റെ അന്യത്രസേവന കാലാവധി 10.08.2024-ന് അവസാനിക്കുന്നതായും, ടിയാൻ അന്യത്രസേവനത്തിൽ തുടരുന്നതിന് എതിർപ്പില്ലെന്ന് കാണിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം നിരാക്ഷേപ പത്രം നൽകുകയും ടിയാന്റെ സേവനം തുടർന്നും ആവശ്യമാണെന്ന് കാണിച്ച് പരാമർശം (6) പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിൽ ഒഴിവുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് കോഴിക്കോട് പേരാമ്പ്ര ബ്ലോക്കിൽ ഹെഡ് അക്കൗണ്ടന്റ് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.വിനോദൻ.കെ.റ്റി.-യെ പരാമർശം (1)ലെയും (2)ലെയും അന്യത്ര സേവന വ്യവസ്ഥകൾ സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി 11.08.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീ.വിനോദൻ.കെ.റ്റി.-യ്ക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാളുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ.വിനോദൻ.കെ.റ്റി., ഹെഡ് അക്കൗണ്ടന്റ്, പേരാമ്പ്ര ബ്ലോക്ക്, കോഴിക്കോട് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്(ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/133/2024-ENVT).

ഉത്തരവിൻ പ്രകാരം

Signed by
Dhanya Sadasivan
Date: 01-08-2024 10:01:58

സെക്ഷൻ ഓഫീസർ